

# MS NSS HSS, CHAKKALAKUTH

## ലിറ്റിൽ കൈറ്റ്സ്
## ഡിജിറ്റൽ മാഗസിൻ

# ഇതളുകൾ

# വഴിവിളക്കുകൾ

# അണയാതിരിക്കാൻ

നമ്മുടെ വ്യക്തി ജീവിതത്തിലും സാമൂഹിക ജീവിതത്തിലും ആഴത്തിൽ വേരോടി നിൽക്കുന്ന വൻമരങ്ങളാണ് ഗുരുക്കൻമാർ . ആ ഗുരുക്കൻ മാരുടെ പച്ചമരത്തണലിലാണ് നാം ജീവിതത്തെക്കുറിച്ച് സ്വപ്നങ്ങൾ കണ്ടത് .എന്നാൽ പലപ്പോഴും അവഗണയുടെ വഴിയോരങ്ങളിൽ നാം നമ്മുടെ ഗുരുക്കൻമാരെ ഉപേക്ഷിക്കുന്നു .സ്വയം ഉരുകി മറ്റുള്ളവർക്ക് വെളിച്ചം പൊഴിക്കുന്ന മെഴുകുതിരി പോലെയാണ് അധ്യാപകർ.

സമർത്ഥരും അതേ സമയം സംതൃപ്തരുമായ അധ്യാപക വർകമാണ് വിദ്യാഭ്യാസ പുരോഗതിയുടെയും രാഷ്ട്ര വികസനത്തിന്റെയും ആണക്കല്ലെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം . സമൂഹത്തിലെ ഏറ്റവും മികച്ച പ്രതിപകളെ വാർത്തെടുക്കുന്നതിനു പിന്നിൽ ഒരുപാട് അധ്യാപകരുടെ പങ്കാളിത്തമുണ്ട് . പ്രതിപകളെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ അതുന് പിന്നിൽ പ്രവർത്തിച്ച അധ്യാപക സമൂഹത്തെ തങ്ങളുടെ മാന്യതക്ക് വെളിയിൽ നിർത്തുന്നകിന്റ മനശാസ്ത്രമെന്തായിരിക്കും?പൊതുവെ അധ്യാപകവൃത്തി ബഹുജന ദൃഷ്ടിയിൽ മറ്റുള്ളതിനേക്കാൾതാഴ്ന്നതാണ് എന്നാൽ മറ്റു രാജ്യങ്ങളിൽ ജനങ്ങളിൽ അഭിമാനകരമായി മാറുന്നു.കാലത്തിന്റ മുന്നേറ്റങ്ങളിൽ പുതിയ ജീവിതബോധത്തിന്റെ വെളിച്ചത്തിൽ അധ്യാപകവൃത്തി കേവലം ഒരു തൊഴിലെന്ന നിലയിൽ അധ:പതിക്കാത്ത നമമുടെ സാമൂഹിക ജീവിതത്തിൽ എപ്പോഴും വെളിച്ചം പൊഴിക്കുന്ന വഴിവിളക്കുകളായി മാറട്ടെ എന്ന് ആഗ്രഹിക്കുന്നു

ലോകത്തിലുള്ള നല്ലതായ എല്ലാത്തിനെ കുറിച്ചും നിത്യേന നമ്മെ ഓർമിപ്പിക്കുന്ന ഈ പ്രപഞ്ചത്തിലെ എല്ലാ അധ്യാപകർക്കും ആയി പുസ്തകം സമർപ്പിക്കുന്നു.

# ആമുഖം

മന്നം സ്മാരക എൻ എസ് എസ് ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിജിററൽ മാഗസിൻ സമർപ്പിക്കുന്നു.

ഡിജിററൽ മാഗസിൻ

എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടായിട്ടുണ്ട് . സ്വപ്ന സാഫല്യത്തിന്റെ ഈ ധന്യമൂഹൂർത്തത്തിൽ എല്ലാവരുടേയും നന്ദി അറിയിക്കുന്നു.....



പ്രദീപ്.പി

എസ്.എം.സി ചെയർമാൻ



എൻ.എസ്.എസ് ഹയർസെക്കണ്ടറി സ്കൂൾ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്.എല്ലാ വിധ ആശംസകളും നൽകുന്നു.

# ആശംസ

രാജീവ്

PTA PRESIDENT



N.S.S  ഹയർസെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു   ജിറ്റൽ മാഗസിന് പുറത്തിറക്കുന്നതായി അറിഞ്ഞു. കുട്ടികളുടെ സർഗ്ഗാത്മക കഴിവുക   പരിപോഷിപ്പിക്കുന്നതിനായി കുട്ടിക   തന്നെ ടൈപ്പ് ചെയ്ത് പുറത്തിറക്കുന്ന ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നൽകുന്നു.

ശോഭ സി.കെ

എച്ച്.എം



മന്നം സ്മാരക എൻ എസ് എസ് ഹയർ സെക്കൻെ്റി സ്കൂളിന്റെ ഭാഗമായി ലിറ്റില് കൈറ്റ്സ് യൂണിയന്റെ ആഭിമുഖ്യത്തില് സ്കൂളില് ഒരു ഡിജിറ്റല് മാഗസിന് പുറത്തിറക്കുന്നു . പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ഭാഗമായി ഞങ്ങളുടെ സ്കൂളും മികവിനെ് ഉന്നതിയിലേക്ക് മാറുന്ന ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാവട്ടെ! എല്ലാവിധ ഭാവങ്ങളും .

# താളുകളിൽ

## മലയാളം കവിതകൾ

| | |
|---|---|
| ഋതുഭേദങ്ങൾ | - അഭിനവ്.പി.സി |
| കണ്ണിലെ കടൽ | -ആദിത്യൻ |
| അമ്മ | -അഖിൽ നാഥ് |
| പുഴ കടക്കാൻ | -ജോബിൻ |
| കുട ചൂടിയ വഴി | -വിഘ്നേഷ് |
| പൂമ്പാറ്റ | -അമാൻ |
| തമാശകൾ | -സ്റ്റാൻലി |
| ഞാൻ | -അജയ്.പി |
| യാത്ര | -ഇഹ്തിഷാം |
| പ്രതീക്ഷയോടെ | -ഷഹൽ |
| പുതുമഴ | -ശ്രീരാഗ് |
| Fading Away..? | -Asmiya |

# ഋതു ഭേദങ്ങൾ

ബാല്യം -ഉദയം...!
കുളിച്ചു തോർത്തി,
നിറയെ നിറങ്ങൾ വാരിത്തൂവി
നനുത്ത വെയിലിൽ കുളിച്ച്
വെളുത്ത പൂവിൻ നറുഗന്ധമേറ്റ്
തുടുത്ത മഞ്ഞിൽ സൂര്യനെക്കണ്ട്,
കൊതിപ്പിച്ച്... സ്നേഹിച്ച്
യൗവ്വനം- നട്ടുച്ച



ഉച്ചിയിൽ പൊള്ളലാണ്...
നിഴൽ പോലും തണുപ്പിക്കാതെ,
കത്തുന്ന മഞ്ഞവെയിലിൽ,
വൈകുന്നേരത്തെ സുഖം തേടി...
വാർദ്ധക്യം- സന്ധ്യ-
കിതച്ച് വിയർത്ത് കുളിച്ച് ചരിവിലേക്ക്
രാവും പകലുമല്ലാത്തവസ്ഥയിൽ
ക്ഷീണിച്ച് ചോരതുപ്പി
ഒടുക്കത്തെക്കുളിക്കായ്... കടലിലേക്ക്...!

(അഭിനവ് പി.സി)

# കണ്ണിലെ കട ®



നന്മത ® നിളാനദിയൊഴുകും നരന്റെ
നയനങ്ങളി ® ദർശിക്കാം നന്മത ® സാഗരം
താപസ്സിത ® നേത്രങ്ങളി ® ദർശിക്കാം
ശാന്തമാം സാഗരത്തിന്നഗാധതയെന്നും
ഭാരതാംബത ® നേത്രങ്ങളി ® ദർശിക്കാം
നമുക്കൊരിക്കലും തിരിയടങ്ങാത്ത വാത്സല്യം
ഭാരതമാംബയുടെ മക്ക ®ക്കിതെന്തുപറ്റി?
എവിടെപ്പോയ് മറഞ്ഞവരുടെ ഹൃത്തിലെനന്മത്തുള്ളിക ®
കാണ്മാ ® കഴിയുന്നില്ല ഭാരതമക്കളുടെ കണ്ണുകളി ®
കരുണയെന്ന ഭാവം വിരളമായ്പ്പോലും
പ്രതികാരപ്പാച്ചിലി ®പ്പറക്കുന്ന പ്രാണ ®
പാറുന്ന തീപ്പൊരിക ® നരന്റെ നേത്രങ്ങളി ®

(ആദിത്യ ®)

# അമ്മ

അമ്മയാണെന്നുമെന്റെ ദൈവം

അമ്മയില്ലാപാരിടത്തിൽ ജീവി-

ച്ചെന്തു കാര്യം......

അമ്മയെന്നെ ജീവനേക്കാൾ

സ്നേഹിക്കുന്നു.....

അമ്മയെ മറക്കില്ല ഞാൻ

ജീവനുള്ള കാലം....

(അഖിൽ നാഥ്)





# പുഴ കടക്കാൻ



ഒരു പുഴയുടെ അപ്പുറം നിന്നാണ്
നീയെന്നെ വിളിച്ചത്.
പുഴകടക്കാൻ എനിക്കറിയില്ലായിരുന്നു.
സ്വച്ഛസ്വപ്നങ്ങളുടെ
കടത്തുതോണിലായിരുന്നല്ലോ
എന്റെ യാത്രയത്രയും
പ്രത്യയ ശാസ്ത്രത്തിന്റെ  തിരിവെട്ടത്തിൽ
നിന്റെ മുഖം പ്രകാശിക്കുന്നതും.
നിഴലുകൾ മായുന്നതും നോക്കി
ഞാൻ വെറുതെ മറുകരയിൽ
കാറ്റത്തലയുന്ന നാളത്തിന്
കാവൽ പിടിച്ച നിന്റെ വിരലുകൾ
ചുവപ്പുനിറം പൂണ്ടിരുന്നു.
അഗ്നികുടിച്ചു ജ്വലിച്ചിരുന്നു
അതും എന്നെയാകർഷിച്ചു.

(ജോബിൻ എം സജി)



# കുട ചൂടിയ വഴി

വാൽപ്പാറയിലെ
അപ്പർഷോളയാറിലൂടെയുള്ള
യാത്ര.പവർഹൗസിലേ
ക്കുള്ള
വഴിയേ വെറുതേ
നടക്കുകയായിരുന്നു.
വൻമരങ്ങൾ കുടചൂടിയ
പൂക്കൾ ഉതിർന്നു കിടന്ന
വളവുകളുടെ സൗന്ദര്യ
ലഹരിയേകുന്ന
ഈ ഫ്രെയിം
കാണുമ്പോൾ
ക്യാമറകണ്ണുകൾ തുറന്നടയാ
തിരിക്കുന്നതെങ്ങിനെ?



(വിഘ്നേഷ്)



# തമാശകൾ



1:ആദ്യമായി

സ്കൂളിൽപോയിവന്നകുട്ടിയോട് .

അമ്മ:മോളുടെ ടീച്ചറുടെ  പേരെന്താ ?

കുട്ടി:രാവിലെ ഗുഡ് മോർണിംഗ് ടീച്ചർ,

ഉച്ചയക്ക് ഗുഡ് ആഫ് റ്റർനൂൺ

ടീച്ചർ,

വൈകുന്നേരം ഗുഡ് ഈവനിംഗ് ടീച്ചർ.


2:വീട്ടിൽ ചിലവു കുറയ്ക്കലിന്റെ ഭാഗമായി

അമ്മ:ഞാനിനി ബ്യൂട്ടി പാർലറിൽ പോവില്ല

അച്ഛൻ:ഞാനിനി സിഗരറ്റ് വലിക്കില്ല

കുട്ടി:ഞനിനി സ്കൂളിൽ പോവില്ല

;സ്റ്റാൻലി



# പൂമ്പാറ്റ



പൂമ്പാറ്റ ,പൂമ്പാറ്റ പൂന്തേൻ
നുകരും പൂമ്പാറ്റ
പാറിനടക്കുംപൂമ്പാറ്റ
പൂക്കളുടെ കൂട്ടുകാരൻ പൂമ്പാറ്റ
വർണ്ണങ്ങളാർന്ന പട്ടുടുത്തെത്തുന്ന
പൂമ്പാറ്റയെ നിങ്ങൾക്കിഷ്ടമാണോ

.അമാൻ





# ഞാൻ

ഇന്നലെ മണ്ടത്തരമാണ്

ഇന്ന് അജ്ഞാതവും.

നാളെ സുന്ദരമാക്കണം.

എനിക്ക് മുന്നേറണം....

നല്ല മാർഗ്ഗങ്ങൾ എനിക്ക് കൂട്ടുകാർ ആവട്ടെ....

കരുത്തിൻ മടിയിൽ,

കഴിവിൻ തോളിൽ,

ഞാൻ വിജയത്തിൻ കടൽ

നീന്തിക്കടക്കുമാറാവട്ടെ....

അജയ്.പി



# യാത്ര




ഒരിക്കൽ,
എനിക്കേറ്റവും പ്രിയപ്പെട്ടവൾ
എന്നിക്ക് പറഞ്ഞു
ഞങ്ങൾ പോകുന്നു
അരുതെ എന്നും ഞാൻ കേണങ്കിലും
ഒന്നും ഉരിയാടാതെ
എന്റെ പിൻവിളി കേൾകാതെ
എന്റെ കണ്ണീർപ്പാടക്കു മുന്നിലൂടെ അവർ
നീങ്ങി
നിങ്ങളെങ്ങോട്ടു പോകുന്നു?
ഞാൻ ചോദിച്ചു.
ദൂരെ
രത്നങ്ങൾ പതിച്ച പട്ടുമെത്തയിൽ
ഒരിത്തിരി നേരം വിശ്രമിക്കാൻ
പഞ്ഞിക്കെട്ടു പോലെ നീങ്ങും
മേഘങ്ങളെ തലോടാൻ
മാനത്തെ താരകളെ ഒന്നായി താങ്ങാൻ.....
മേലെ ആകാശത്ത് നോക്കി ഞാൻ ചോദിച്ചു,
ഞാനും വന്നോട്ടെ
അരുത്........
നീ ഭൂമിയിൽ നിന്നും ഞങ്ങളെ കണ്ട് സന്തോഷിക്കണം
എന്റെ കാഴ്ചയിൽ
കണ്ണീർ നിറയവെ......
മാനത്തെ താരങ്ങളാവാൻ,
പഞ്ഞിക്കെട്ടുകളെ തഴുകാൻ
അവർ യാത്രയായി...
ഇനി ഒരിക്കലും തിരിച്ചു
വരാത്തവണ്ണം-
ദൂരേയ്ക്ക്....
അവർ യാത്രയായി

ഇഹ്തിശാം

# പ്രതീക്ഷയോടെ.......

മഞ്ഞുവീണ  പ്രഭാതത്തിൽ
ഒരു  കുളിർ കാറ്റായ്  നീ എന്നീൽ അലിഞ്ഞു ആ
മഞ്ഞു വീണ
ഇടനാഴികളിൽ  ഞാൻ നീ
ഉറ്റുനോക്കിയതും  നിൻ
മിഴിൽ നിറഞ്ഞതും ഞാൻ
കണ്ടു നിൻ മിഴിനീർ
കാണാതിരിക്കുബോൽ
പുഞ്ചിരിയാൽ നീ  നിൻ
മുഖം മറച്ചു



ഉള്ളിൽ നിൻ തേങ്ങലുകൾ ഒതുക്കി
നീ പുഞ്ചിരി തൂകിയ മുഖവും കാണിച്ചു
പൂർണമാവാത ഒരു കവിത പേൽ
നിന്നെ ഞാൻ അറിഞ്ഞു
നിൻ മിഴിൽ നിറഞ്ഞ
എൻ മനം വിങ്ങിപോട്ടി
പ്ക്ഷമ്ഷ എനോട്  ഒണ്ണും പറയാത നി അണ്ണ
നീ എനേിലേക് വരിലെണ സത്യം
അറിയതെ.....പ്രതീക്ഷയൈയെടനിനകു വേിണ്ടെ
കാഞ്ഞിരികുന്നു
by;shahal……

# പുതുമഴ

മഴക്കോള്ളിലാതെ  തെളിഞ്ഞൊരാകാശം
നിലാവൊരുക്കിയ  ഹൃദയഹാരിയാം
നിറങ്ങളിൽ  നീന്തിത്തുടിക്കുമ്പോൾ നേര-
മിരുട്ടയെന്നതു  വിരൊധാഭാസമായ്
പൊടുന്നനേ  കോരിച്ചൊരിയുന്ന മഴ
അകലെയുള്ളയാൾ  തിരിച്ചുവന്നപോൽ
മഴ  നിലാവിൻ  വളയങ്ങൾ ചാടി
ക്കടന്നു പിന്നെയും  വിജയിയാവുന്നു
പുറമ്പോക്കിൽ  തലകുനിച്ചു  മിണ്ടാതെ
തനിച്ചു  നിൽക്കുന്ന മരത്തിൻ മൂർദ്ധാവിൽ
കുന്നിഞ്ഞു മനസ്സിലുണ്ടായ  മരം.
പറമ്പിൽ മുറ്റത്തും കിലുങ്ങിപ്പെയ്യുമ്പോൾ
ചെറിയ തോണികൾ  ക്ഷണത്തിലോടിക്കാൻ
ചെറിയ കുട്ടിക്കു വലീയ സന്തോഷം
കുതിക്കും ടോമിനെ മറന്നിതാദ്യമായ്

# FADING AWAY....?

There she was,
Standing on the side of the lonely road
I was startled,
By seeing her face - filled with blood
Then, I noticed
Her tears flowing from her red eyes
The wind was flying .
Everything was flapped around
I called her with my strength
She turned around
Giving me a small smile
My heart was black
Is there no one help to me ?....



# ലിറ്റിൽ കൈറ്റ്സ് ടീം

little KITEs

MANNAM SMARAKA

NSS HIGHER SECONDARY SCHOOL

CHAKKALAKUTH

NILAMBUR

തമസോമാ ജ്യോതിർഗമയ


മന്നം സ്മാരക എൻ.എസ്.എസ്. ഹയർ സെക്കന്ററി
സ്കൂൾ ചക്കാലക്കുത്ത്-നിലമ്പൂർ

# നന്ദി

